ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: രാത്രിയും പകലും വ്യത്യാസമില്ലാതെ തീർത്ഥാടകർ വന്നുപോയിക്കൊണ്ടിരിക്കുന്ന ഗുരുവായൂരിൽ പവർ കട്ട് മൂലം രാത്രിയിൽ തീർത്ഥാടകർ വളരെയധികം ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് ഗുരുവായൂരിൽ പവർകട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ഒരു സ്ഥലത്തു മാത്രമായിട്ട് ഒഴിവാക്കാൻ ബുദ്ധിമുട്ടാണ്. ഗുരുവായൂരിലെ ഭക്തജനങ്ങൾ അത് ക്ഷമിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ പവർ അലോക്കേഷന്റെ കാര്യം ഇവിടെ ചോദിച്ചിരുന്നു. അത് ഞാൻ പറയാം.

തീയതി	ലഭിക്കേണ്ടത് (മെഗാവാട്ട്)	ലഭിച്ചത് (മെഗാവാട്ട്)
12-3-1996	10·168	11·327
13-3-1996	10·079	11·507
14-3-1996	10·829	10·827
15-3-1996	10·675	11·682
16-3-1996	10·276	9·616
17-3-1996	10·79	10·431
18-3-1996	10·545	9·405

മിക്ക ദിവസങ്ങളിലും കൂടുതലാണ് കിട്ടിയിരിക്കുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടി

*3 [109] ശ്രീ. എ. സി. ഷൺമുഖദാസ്:
,, വർക്കല രാധാകൃഷ്ണൻ:
,, സി. പി. ബാലൻ വൈദ്യർ:
,, ടി. ചാത്തു:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില കിട്ടുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് തടയാൻ രൂപീകരിച്ച അഗ്രികൾച്ചറൽ പ്രൈസസ് ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ കാർഷിക വില നിർണ്ണയ ബോർഡിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ഡി) പ്രസ്തുത ബോർഡ് രൂപീകരിച്ചശേഷം എത്ര തവണ യോഗം ചേർന്നുവെന്ന് വെളിപ്പെടുത്താമോ;

(ഇ) ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബോർഡിന്റെ ഇതേവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ജി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിന്റെ ഫലമായി കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(എച്ച്) സംസ്ഥാനത്ത് റഗുലേറ്റഡ് മാർക്കറ്റിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ;

(ഐ) കാർഷിക നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രൈസ് സപ്പോർട്ട് ഫണ്ടിൽനിന്ന് 1995-96-ൽ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. തങ്കച്ചൻ):

(എ) കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുവാനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനു ശുപാർശ അയയ്ക്കുകയും കേന്ദ്ര ഗവൺമെന്റ് കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയും ചെയ്യുന്നു. കൊപ്രയുടെ കമ്പോള വില താങ്ങുവിലയേക്കാൾ കുറയുമ്പോൾ സംഭരണം നടത്തുന്നു. മറ്റു കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിൽ അവയ്ക്ക് വിലയിടിവ് സംഭവിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടി മാർക്കറ്റ് ഇൻറർവെൻഷൻ പദ്ധതി നടപ്പാക്കി പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നു. ഇപ്രകാരം 1993-ൽ കുരുമുളകിനും 1995-ൽ ഗ്രാംപൂവിനും മാർക്കറ്റ് ഇൻറർവെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നെല്ലിന്റെ സംഭരണത്തിനും സംസ്ക്കരണത്തിനും പ്രോൽസാഹന ധനസഹായം നൽകിവരുന്നുണ്ട്. ഏലത്തിന്റെ വിലയിടിവ് തടയുന്നതിനായി സംസ്ഥാന ഗവൺമെന്റിനേറെയും സ്പൈസസ് ബോർഡിനേറെയും സഹായത്തോടുകൂടി ഒരു കാർഡമം ഡെവലപ്പ്മെന്റ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകളും പരിശോധിച്ചുവരികയാണ്. റബ്ബറിന്റെ ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ഇറക്കുമതിക്കെതിരെ സംസ്ഥാന ഗവൺമെന്റ് യഥാസമയം ശക്തമായ നിലപാടെടുത്തിട്ടുണ്ട്.

(ബി) കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനച്ചെലവിനെക്കുറിച്ച് പഠനങ്ങൾ നടത്തുക, കാർഷികോൽപ്പന്നങ്ങളുടെ ദേശീയവും അന്തർദേശീയവുമായ നിലവാരത്തേയും ഭാവി വില സാദ്ധ്യതകളേയും കുറിച്ച് കാലാകാലങ്ങളിൽ വിശകലനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുക, കാർഷിക വിപണനം, കാർഷിക ഉൽപ്പന്ന വില നയം എന്നീ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, കാർഷികോൽപ്പന്നങ്ങളുടെ വില ഇടിയുമ്പോൾ പ്രഖ്യാപിക്കേണ്ട താങ്ങുവിലയെപ്പറ്റി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുക, സർക്കാർ തലത്തിൽ കാർഷിക വിപണനത്തിൽ ഇടപെട്ട് സംഭരണ നടപടികൾ സ്വീകരിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് പ്രവർത്തനങ്ങൾ.

(സി) ഡോ. എം. വി. ജോർജ്ജ് (ചെയർമാൻ), ഡോ. എം. കുട്ടപ്പൻ (മെമ്പർ), ഡോ. എം. സി. നമ്പ്യാർ (മെമ്പർ).

(ഡി) ആറു തവണ യോഗം ചേർന്നു.

(ഇ) 10,11,350 രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ട്.

(ജി) ബോർഡിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുവാൻ സഹായകരമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്.

(എച്ച്) സംസ്ഥാനത്ത് മലബാർ പ്രദേശത്തുമാത്രം മലബാർ മാർക്കറ്റിംഗ് കമ്മിറ്റിയുടെ കീഴിൽ റഗുലേറ്റഡ് മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലുടനീളം റഗുലേറ്റഡ് മാർക്കറ്റിംഗ് സമ്പ്രദായംനടപ്പിലാക്കുവാനുള്ള നിയമനിർമ്മാണം സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഇത് സംബന്ധിച്ച് കാർഷികോൽപ്പന്ന വിപണന ബിൽ നിയമസഭയിൽ അവതരിപ്പിക്കുവാനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിൽനിന്നും 1994 മാർച്ച് 1-ാം തീയതി ലഭിച്ചു.

(ഐ) പത്തു ലക്ഷം രൂപ.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഇവിടെ കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുന്നതു സംബന്ധിച്ച് കേരളത്തിലെ കർഷക സംഘടനകൾ മുമ്പ് അവരുടെ പഴയ ചെലവൊക്കെ വച്ചുകൊണ്ട് നാലായിരം രൂപ വരെ പറഞ്ഞു. ഇന്നാണെങ്കിൽ 5,000 രൂപ പറയേണ്ടി വരുന്നു. കാലം മാറുന്നു; ചെലവും കൂടുന്നു. സംസ്ഥാന ഗവൺമെന്റ് പ്രൈസസ് ബോർഡുമായി ചർച്ച ചെയ്തതിനുശേഷമാണോ കേന്ദ്ര ഗവൺമെന്റിനു ഇത് സംബന്ധിച്ച നിർദ്ദേശം കൊടുത്തത്? എന്റെ ഓർമ്മ ശരിയാണെങ്കിൽ 3,700 രൂപയോ മറ്റോ ആണ്. അവസാനം അംഗീകരിച്ചത് 2,400 രൂപയ്ക്കാണ്. കൊപ്രയുടെ താങ്ങുവിലയെ സംബന്ധിച്ചിടത്തോളം അത് വർദ്ധിച്ചുകിട്ടുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തൊക്കെയാണ് ചെയ്തത്? ഏതെങ്കിലും തലത്തിൽ, മന്ത്രി തലത്തിലോ, മറ്റ് തലത്തിലോ അത് ചർച്ച ചെയ്തിട്ടുണ്ടോ? സംസ്ഥാന ഗവൺമെന്റിന്റെ ഈ കാര്യത്തിലുള്ള അഭ്യർത്ഥന കേന്ദ്ര ഗവൺമെന്റ് മാനിച്ചു എന്നുള്ള അഭിപ്രായം സംസ്ഥാന ഗവൺമെന്റിനുണ്ടോ?

ശ്രീ. പി. പി. തങ്കച്ചൻ: സംസ്ഥാന ഗവൺമെന്റിന്റെ താങ്ങുവില ഉയർത്തിക്കിട്ടണമെന്നുള്ള അഭ്യർത്ഥന കേന്ദ്ര ഗവൺമെന്റ് മാനിച്ചിട്ടില്ല എന്നുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. അത് മാനിക്കേണ്ടതാണെന്ന് സംസ്ഥാന ഗവൺമെന്റിനു അഭിപ്രായമുണ്ട്. ആ വിവരം നേരിട്ടും രേഖാമൂലവും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും അതുപോലെതന്നെ ധനകാര്യ വകുപ്പുമന്ത്രിയേയും കൃഷി വകുപ്പു മന്ത്രിയേയും അറിയിച്ചിട്ടുണ്ട്. ഒരുപക്ഷേ അതിന്റെ പ്രതിഫലന മായിരിക്കും പ്രധാനമന്ത്രിതന്നെ കേരളത്തിലെ കൃഷി വകുപ്പുമന്ത്രിയേയും മറ്റ് സംസ്ഥാനങ്ങളിലെ കൃഷി വകുപ്പുമന്ത്രിമാരേയുമൊക്കെ വിളിച്ച് ചർച്ച നടത്തി താങ്ങുവില ഉയർത്തിക്കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശം കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് കൊടുത്തിട്ടുള്ളതായി പത്രത്തിൽ വായിക്കാൻ ഇടയായി. ഒരുപക്ഷേ സംസ്ഥാന ഗവൺമെന്റിന്റെ സമ്മർദ്ദത്തിന്റെ ഫലമായിട്ടായിരിക്കണം അത്തരത്തിൽ പ്രധാനമന്ത്രി നിർദ്ദേശം കൊടുത്തത് എന്നാണ് എന്റെ വിശ്വാസം.

ശ്രീ. എ. സി. ഷൺമുഖദാസ്: 'ഐ' ചോദ്യത്തിനു ഉത്തരം പറഞ്ഞത് കാർഷിക നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രൈസ് സപ്പോർട്ട് ഫണ്ടിൽനിന്നും ആകെ ചെലവാക്കിയത് പത്തു ലക്ഷം രൂപയാണ്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. കേന്ദ്ര ഗവൺമെൻറ് നമ്മോട് അവഗണന കാണിക്കുന്നു. സംസ്ഥാന ഗവൺമെൻറിനെ കേന്ദ്ര ഗവൺമെൻറ് മാനിച്ചില്ല എന്ന് മന്ത്രി പറയുന്നു. എന്നാൽ സംസ്ഥാന ഗവൺമെൻറ് സപ്പോർട്ട് പ്രൈസ് നിശ്ചയിച്ചത് കൃഷിക്കാരെ സഹായിക്കാനാണ്. അതിനുവേണ്ടി നാമമാത്രമായ സംഖ്യ മാത്രമേ ചെലവഴിച്ചുള്ളൂ എന്ന കാര്യം സമ്മതിക്കുമോ? ആ സംഖ്യ പോരായെന്ന അഭിപ്രായം കൃഷി വകുപ്പുമന്ത്രിക്കുണ്ടോ? ഉണ്ടെങ്കിൽ ഇതിന് പരിഹാരമായി എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. പി. പി. തങ്കച്ചൻ: പ്രൈസസ് ബോർഡിൻെറ പ്രധാന ജോലി സംസ്ഥാന ഗവൺമെൻറിനെ കാലാകാലങ്ങളിൽ വേണ്ട നിലയിൽ ഉപദേശിക്കുകയെന്നുള്ളതാണ്. ഇവിടെ പത്തു ലക്ഷം രൂപ ചെലവായി എന്നുപറഞ്ഞാൽ അതിൻെറ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസാണ്. (ഉദ്യോഗസ്ഥൻമാരുടെ ശമ്പളമാണ്). ആ ഫണ്ടിൽ നിന്ന് ചെലവാക്കിയത് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിനുവേണ്ടിയാണ്. മറ്റാവശ്യങ്ങൾക്കുവേണ്ടി ചെലവാക്കിയതല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ റബറിൻെറ ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ഇറക്കുമതിക്കെതിരെ സംസ്ഥാന ഗവൺമെൻറ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയുന്നു. എന്ത് ശക്തമായ നടപടികളാണ് സ്വീകരിച്ചത് എന്ന് പറയാമോ? അതുപോലെ നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിച്ചു കിട്ടണമെന്ന ആവശ്യം ഉയർന്നു വന്നിട്ട് വർഷങ്ങളേറെയായി. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിൻെറ നിലപാടെന്താണ്? എന്തു നിലപാട് കേന്ദ്ര ഗവൺമെൻറിൻെറ ഭാഗത്തു നിന്നുണ്ടായി? മാത്രമല്ല, താങ്ങുവില പ്രഖ്യാപിച്ചത് അനവസരത്തിലാണ്. കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ചെയ്യാത്ത നിലയിലാണ് കേന്ദ്ര ഗവൺമെൻറിൻെറ സപ്പോർട്ട് പ്രൈസ് പ്രഖ്യാപനം വരുന്നത്. അത് സീസൺ സമയത്ത് വരില്ല; പ്രഖ്യാപനം വരുന്നതു കൊണ്ട് കൃഷിക്കാർക്ക് യാതൊരു പ്രയോജനവുമില്ല. കേരള ഗവൺമെൻറ് താങ്ങുവില എത്രയായിരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറിനോടാവശ്യപ്പെട്ടിട്ടുണ്ടോ? ന്യായമായ വില കേരളത്തിലെ നാളികേര കൃഷിക്കാർക്ക് കിട്ടാൻ എന്ത് നടപടി ഗവൺമെൻറ് ഇതിനകം സ്വീകരിച്ചു? ഈ മൂന്നു കാര്യങ്ങളും വ്യക്തമാക്കണം.

ശ്രീ. പി. പി. തങ്കച്ചൻ: ഇതൊരു കോംപ്ലക്സ് കസ്റ്റഡിയനാണ്. മൂന്നു വിവിധ കാര്യങ്ങൾ ചേർന്നിട്ടുള്ള ചോദ്യമാണ്. അതിൽ ആദ്യം ചോദിച്ചത് റബറിൻെറ ഇറക്കുമതിയെ സംബന്ധിച്ചാണ്. റബറിൻെറ ഇറക്കുമതിയെ സംബന്ധിച്ച് സാധാരണനിലയിൽ കേന്ദ്ര ഗവൺമെൻറ് തീരുമാനമെടുക്കുന്നത് റബർ ബോർഡിൻെറ ശുപാർശകൂടി കണക്കിലെടുത്തിട്ടാണ്. നമ്മുടെ റബർ ബോർഡിൽ എം. പി.മാരുടെ പ്രതിനിധികളും കൃഷിക്കാരുടെ പ്രതിനിധികളും തൊഴിലുടമകളുടെ പ്രതിനിധികളുമുണ്ട്. ഇവരെല്ലാം അടങ്ങുന്ന റബർ ബോർഡ് ഈ വർഷം നാൽപതിനായിരത്തിൽപരം ടൺ റബർ ഇറക്കുമതി ചെയ്യണമെന്നുള്ള ഒരു ശുപാർശ കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിരുന്നു. ആ വിവരം അറിഞ്ഞ ഉടനെ തന്നെ ആ കാര്യത്തിലുള്ള നിലപാട് പുനഃപരിശോധിക്കണമെന്നും, ഇപ്പോൾ ഇറക്കുമതിയുടെ ആവശ്യമില്ലെന്നും ഇറക്കുമതി നടത്തിയാൽ അത് റബർ കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വിലയിടിവിനു കാരണമാകുമെന്നും അതുകൊണ്ട് റബർ ബോർഡിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നും സംസ്ഥാന ഗവൺമെന്റ് റബർ ബോർഡിനോടാവശ്യപ്പെട്ടു. അതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റിനോട് ഒരു കാരണവശാലും ഇപ്പോൾ ഇറക്കുമതി ചെയ്യരുതെന്ന് രേഖാമൂലം ആവശ്യപ്പെട്ടു. നമ്മുടെ എം. പി.-മാരും കൂട്ടായിട്ട് ആവശ്യപ്പെട്ടു. ഒരുപക്ഷേ അതിന്റെ ഫലമായിട്ടാണ് എന്നാണ് എന്റെ വിശ്വാസം. ഇറക്കുമതി ചെയ്യാൻ എടുത്തിരുന്ന തീരുമാനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പിന്നെ ഇവിടെ ചോദിച്ച മറ്റൊരു ചോദ്യം കൊപ്രയ്ക്ക് എന്നാണ് താങ്ങുവില പ്രഖ്യാപിച്ചത് എന്നാണ്. ഫെബ്രുവരി മാസത്തിന്റെ ആദ്യമാണ് പ്രഖ്യാപിച്ചത്. വില 3,500 രൂപ കിട്ടണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്. കോസ്റ്റ് ഓഫ് പ്രൊഡക്ഷനുമായി ലിങ്ക് ചെയ്താണ് ഈ 3500 രൂപ വേണമെന്ന് ആവശ്യപ്പെട്ടത്. പക്ഷേ നിർഭാഗ്യവശാൽ കഴിഞ്ഞകൊല്ലത്തെ അതേ വില തന്നെയാണ് തീരുമാനിച്ചത്. അത് കൂട്ടിക്കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. കൊപ്രയ്ക്ക് താങ്ങുവില വേണ്ട എന്നുള്ള പ്രൈസസ് കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളയണമെന്നുള്ള കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനം ഒരു പ്രധാനപ്പെട്ട കാര്യമാണ്. തള്ളിക്കളഞ്ഞു എന്നു മാത്രമല്ല, മേലിൽ അഞ്ചു വർഷത്തേക്ക് താങ്ങുവില വേണമെന്നൊരു തീരുമാനവുമെടുത്തു. അത് കേരളത്തെ സംബന്ധിച്ചിടത്തോളം ഗുണപരമായ ഒരു തീരുമാനമാണ്. എല്ലാ വർഷവും താങ്ങുവില ജനുവരി മാസത്തിൽ തന്നെ പ്രഖ്യാപിക്കണമെന്നും ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതും നമുക്ക് ഗുണകരമായ ഒരു തീരുമാനമാണ്. വില കൂട്ടി കിട്ടിയില്ല എന്നുള്ളിടത്ത് മാത്രമാണ് നമുക്ക് ബുദ്ധിമുട്ടുണ്ടായിട്ടുള്ളത്. അത് കൂട്ടിക്കിട്ടണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നാളികേരത്തിന്റെ വില പിടിച്ചു നിറുത്താൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ കൃഷിക്കാരെ വളരെയധികം ദ്രോഹിക്കുന്ന നിലയിലാണ് നാളികേരത്തിന്റെ വിലയിടിവ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇത് തടയുവാൻ അടിയന്തിരമായി ഗവൺമെന്റിന് എന്ത് ചെയ്യാൻ കഴിയും? ഓരോ മാസവും കഴിയുന്തോറും വില കുറഞ്ഞു കൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ചും കേരളത്തിലെ നാളികേര ഉൽപ്പാദനം കുറഞ്ഞുവരികയാണ്. ഒരു കാലത്ത് നമ്മൾ മുൻപന്തിയിലായിരുന്നു. ഇപ്പോൾ 55 ശതമാനമേ ഉൽപ്പാദനം ഉള്ളൂ, ബാക്കി അന്യ സംസ്ഥാനങ്ങളിലാണ് ഉൽപ്പാദിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിലെ നാളികേര കൃഷിക്കാർക്ക് പ്രോൽസാഹനജനകമായ നിലയിൽ വിലയിടിവ് തടയാനും കൃഷിക്കാരെ സഹായിക്കാനും പ്രായോഗികമായി എന്ത് നിർദ്ദേശങ്ങളാണ് ഗവൺമെന്റിന് സഭ മുൻപാകെ വയ്ക്കാനുള്ളത്?

ശ്രീ. പി. പി. തങ്കച്ചൻ: വിലയിടിവ് അനുഭവപ്പെടുമ്പോൾ സംഭരണം നടത്തുന്നതിനുള്ള ഏർപ്പാട് ഇതിനകം ചെയ്തിട്ടുണ്ട്. ഇപ്പോഴും മാർക്കറ്റ് പ്രൈസ് കൂടുതലായതുകൊണ്ട് സംഭരണം നടക്കുന്നില്ല. തീരുമാനിച്ച പ്രൊക്യുവർമെന്റ് പ്രൈസിനേക്കാൾ കൂടുതലാണ് ഇപ്പോൾ മാർക്കറ്റിലുള്ള പ്രൈസ്. അതുകൊണ്ട് സംഭരണം നടക്കുന്നില്ല. വിലയിടിവ് തടയാൻവേണ്ടി ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുക, വാല്യു ആഡഡ് പ്രൊഡക്ട്സ് ഉണ്ടാക്കുക, അതിനുള്ള വ്യവസായങ്ങൾ ആരംഭിക്കുക എന്നിവയാണ് ഏറ്റവും പ്രധാനപ്പെട്ടത്. അത് ചെറിയ നിലയിൽ ആരംഭിച്ചിട്ടുണ്ട്. വ്യാപകമായി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ചെറിയ ചെറിയ വ്യവസായ സംരംഭങ്ങളുണ്ടാക്കാൻ ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: നാളികേരത്തിൻെറ വിലയിടിവ് തുടങ്ങിയിട്ട് ഏതാണ്ട് മൂന്നര കൊല്ലമായി. വെളിച്ചെണ്ണയുടെ ഇറക്കുമതി ഡ്യൂട്ടി 25 ശതമാനം ഉണ്ടായിരുന്നത് പടിപടിയായി കുറഞ്ഞു. അതിൻെറ ഫലമായി കുത്തക വ്യാപാരികൾക്ക് ഇഷ്ടം പോലെ വെളിച്ചെണ്ണ പുറത്തു നിന്ന് കൊണ്ടുവരാനുള്ള അവസരം ഉണ്ടാക്കി കൊടുത്തിട്ടും വില കുറയാതെ മാർക്കറ്റിൽ ഒരു ക്വിൻറൽ കൊപ്രയ്ക്ക് 3,000 രൂപയുണ്ടായപ്പോൾ നമ്മുടെ മുഖ്യമന്ത്രി ഉൾപ്പെടെ പങ്കെടുത്ത കേന്ദ്ര ക്യാബിനറ്റിൻെറ സബ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 2,150 രൂപ താങ്ങുവില പ്രഖ്യാപിച്ചതുകൊണ്ടാണ് ഇന്നത്തെ ദുഃസ്ഥിതി നാളികേര കൃഷിക്കാർക്കുണ്ടായതെന്ന് മനസ്സിലാക്കി, അത് പരിഹരിക്കാൻ അദ്ദേഹം ഉൾപ്പെടെ, അങ്ങുംകൂടി ചേർന്ന്, എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് പറയാമോ?

ശ്രീ. പി. പി. തങ്കച്ചൻ: 2,500 രൂപയാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. അത് കൂട്ടിക്കിട്ടണമെന്നാണ് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളത്. നിയമസഭാ സമ്മേളനം കഴിഞ്ഞാൽ അതിനകം തീരുമാനം വന്നില്ലെങ്കിൽ ഈ കാര്യത്തിൽ അനുകൂലമായ തീരുമാനമെടുപ്പിക്കാൻ വേണ്ടി ഡൽഹിക്ക് പോകുന്നതാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: അങ്ങയോട് സഹതാപമുണ്ട്. അരി എത്രയെന്ന് ചോദിച്ചതിന് പയർ അഞ്ഞാഴിയെന്നാണ് മറുപടി പറഞ്ഞത്. അങ്ങേയ്ക്ക് മറുപടി പറയാൻ ബുദ്ധിമുട്ടുള്ള ചോദ്യമാണെന്ന് എനിക്ക് അറിയാം. 3,500 രൂപ താങ്ങുവില കിട്ടണമെന്ന് ആവശ്യപ്പെട്ടുവെന്ന് പറഞ്ഞില്ലേ. കഴിഞ്ഞ കൊല്ലത്തെ വിലയിൽ അഞ്ചു രൂപ പോലും കൊപ്രയുടെ താങ്ങുവിലയിൽ വർദ്ധനവുണ്ടായിട്ടില്ല. മറ്റുൽപ്പന്നങ്ങൾക്കെല്ലാം വില വർദ്ധിപ്പിച്ചുകൊണ്ടാണ് താങ്ങുവില പ്രഖ്യാപനം നടത്തിയത്. എന്നിട്ടും അങ്ങയുടെ നേതാവ് കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല. ഞാൻ വളരെ വിനയപൂർവ്വം അങ്ങയോട് ചോദിക്കട്ടെ, കേരളത്തിലെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള എല്ലാ നേതാക്കൻമാരേയും കൂട്ടിക്കൊണ്ട് പ്രധാനമന്ത്രിയേയും കേന്ദ്ര കൃഷികാര്യമന്ത്രിയേയും ധനകാര്യമന്ത്രിയേയും കണ്ട് ഈ ആവശ്യം ബോദ്ധ്യപ്പെടുത്തണം. 4,000 രൂപയാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. 4,000 രൂപ താങ്ങുവില കിട്ടുന്നതിനുവേണ്ടി ഒരു യോജിച്ച ശ്രമം നടത്താൻ ഈ ഗവൺമെൻറ് തയ്യാറാകുമോ? ഇല്ലെങ്കിൽ അങ്ങ് പറയുന്നതിൽ ആത്മാർത്ഥത ഇല്ല എന്നുവേണം മനസ്സിലാക്കാൻ. കേരളത്തിലെ നാളികേര കൃഷിക്കാരുടെ പ്രശ്നത്തിൽ ഗവൺമെൻറിന് താൽപ്പര്യമില്ലായെന്ന് ജനങ്ങൾ മനസ്സിലാക്കിയാൽ അതിന് തെറ്റുപറയാൻ കഴിയുമോ?

ശ്രീ. പി. പി. തങ്കച്ചൻ: എനിക്ക് ആ കാര്യത്തിൽ അതിയായ ആഗ്രഹമുണ്ടെങ്കിലും തെരഞ്ഞെടുപ്പ് വളരെ അടുത്തിരിക്കുന്ന വേളയിൽ അത് പ്രായോഗികമാണെന്ന് കരുതുന്നില്ല. എന്നുതന്നെയല്ല നമ്മുടെ എല്ലാ പേരുടേയും പ്രതിനിധികളായ എ. പി.-മാരെക്കൊണ്ട് സംയുക്തമായി ഈ കാര്യത്തിൽ നിവേദനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ചാത്തു: 1977 മുതൽ 1996 വരെയുള്ള 19 വർഷക്കാലത്തി നിടയ്ക്ക് ഒരു കിന്റൽ കൊപ്രയ്ക്ക് 100 രൂപ ആവറേജ് വില വർദ്ധനവുണ്ടായിട്ടുണ്ട്. മറ്റ് സാധനങ്ങളുടെ വില നോക്കിയാൽ പത്തിരട്ടിയും പന്ത്രണ്ടിരട്ടിയും വില വർദ്ധിച്ചു കാണും. അത് കണക്കിലെടുത്തുകൊണ്ട് ന്യായമായ താങ്ങുവില നിശ്ചയിച്ച് കൊപ്ര സംഭരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? ന്യായമായ താങ്ങുവില നിശ്ചയിച്ച് നെല്ല് സംരേക്കുമെന്ന് മുൻ കൃഷി വകുപ്പുമന്ത്രി പ്രഖ്യാപിച്ച കൃഷിനയത്തിൽ പറഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. തങ്കച്ചൻ: കാർഷിക നയത്തിൽ നെൽക്കൃഷിക്കാരെ സഹായിക്കാൻവേണ്ടി പറഞ്ഞിട്ടുള്ള കാര്യങ്ങളം ഓരോന്നോരോന്നായി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിൽ നെൽക്കൃഷിയെ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്തിട്ടുണ്ട്. ഈ രംഗത്ത് എക്സ്പെർട്ടായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. അവിടത്തെ പ്രശ്നങ്ങളം പഠിക്കാൻവേണ്ടി കമ്മീഷനെ നിയോഗിച്ചു. അദ്ദേഹം റിപ്പോർട്ട് തന്നു. ആ റിപ്പോർട്ട് ഗവൺമെന്റിന്റെ പരിഗണന യിലിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയിട്ട് രണ്ടു മൂന്ന് ദിവസമേ ആയിട്ടുള്ളൂ. പാലക്കാട് ജില്ലയിലെ പ്രത്യേക സാഹചര്യം വിലയിരുത്തിക്കൊണ്ട് നെൽക്കൃഷിക്കാരുടെ പ്രത്യേക പ്രശ്നം പഠിക്കാൻ വേണ്ടിയാണ് പ്രത്യേക കമ്മീഷനെ നിയോഗിച്ചത്, ആ റിപ്പോർട്ട് ഗവൺ മെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ചാത്തു: താങ്ങുവില നിശ്ചയിച്ചോ എന്ന് ചോദിച്ചാൽ അതിനല്ല മറുപടി പറയുന്നത്. ചോദ്യത്തിനുള്ള മറുപടി കൃത്യമായിട്ട് കിട്ടണം.

ശ്രീ. പി. പി. തങ്കച്ചൻ: നെല്ലിന് താങ്ങുവില തീരുമാനിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. നെല്ലിന് തീരുമാനിച്ചിട്ടുള്ള താങ്ങുവില വളരെ ചെറിയതാണ്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങുവില 300 രൂപ യാണ്. മാർക്കറ്റിൽ 500 രൂപയിൽ കൂടുതലുണ്ട്. നെല്ലിനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ച താങ്ങുവില വളരെ ചെറുതാണ്, നാം അതുകൊണ്ടാണ് കൂടുതൽ വില കൊടുത്ത് വിളവെ ടുപ്പുകാലത്ത് സഹകരണ സ്ഥാപനങ്ങളെക്കൊണ്ട് മാർക്കറ്റ് ഇൻറർ വെൻഷ നടത്തിക്കുന്നത്.

ശ്രീ. ടി. ചാത്തു: അരിക്ക് ഏതായാലും നമ്മം സബ്സിഡി കൊടുക്കുന്നില്ല. ആ സ്ഥിതിക്ക് നെല്ലുൽപ്പാദനം കുറഞ്ഞുവരികയാണ്, അങ്ങനെ കുറഞ്ഞുകുറഞ്ഞ് നെല്ലിന് സബ്സിഡി ഇല്ലാതാവാൻ പോകുന്ന സാഹചര്യമാണുള്ളത്. നെല്ലുൽപ്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് പ്രോൽസാഹനമായി ഒരു കിന്റലിന് 100 രൂപ വച്ച് പ്രോൽസാഹന ബോണസ് എന്ന രീതിയിൽ നൽകാൻ തയ്യാറാകുമോ?

ശ്രീ. പി. പി. തങ്കച്ചൻ: പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന നിലയിൽ ഇപ്പോൾ 200 രൂപയാണ് കൊടുക്കുന്നത്. അത് വർദ്ധിപ്പിക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ശ്രീ. വി. പി. സിംഗിന്റെ സർക്കാർ നാളികേരത്തിനെ എണ്ണക്കുരുവായി പ്രഖ്യാപിച്ചു. പക്ഷേ ആ സമയത്ത് തുടർന്ന് നടപടികളൊന്നുമുണ്ടായില്ല. എണ്ണക്കുരുവായി പ്രഖ്യാപിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ആദ്യംതന്നെ തറവില നിശ്ചയിക്കാൻ സാധിക്കുമായിരുന്നു. അതിനെ തുടർന്നുള്ള നടപടികൾക്ക് ഗവൺമെന്റ് സമ്മർദ്ദം ചെലുത്തിയില്ല; എണ്ണക്കുരുവിന്റെ ആനുകൂല്യങ്ങൾ കിട്ടാൻവേണ്ടിയുള്ള നടപടിക്കു വേണ്ടി ഗവൺമെന്റ് ശ്രമിച്ചില്ല; അത് എന്തുകൊണ്ടായിരുന്നു?

ശ്രീ. പി. പി. തങ്കച്ചൻ: ആ പ്രഖ്യാപനം വലിയ പ്രയോജനം ചെയ്യുകയില്ലയെന്ന് മുൻ ഗവൺമെന്റ് കണ്ടതുകൊണ്ടാണ് ഈ ഗവൺമെന്റും ആ കാര്യത്തിൽ ഒന്നുംതന്നെ ചെയ്യാതിരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: നെല്ലിന്റെ താങ്ങുവില പദ്ധതി കൈത്തറി സഹകരണ സംഘത്തിന് റിബേറ്റ് കൊടുക്കുന്നതുപോലെയാണ് ഇപ്പോൾ നടക്കുന്നത്; അത് ഫലത്തിൽ ഇല്ല. അന്നത്തെ മാർക്കറ്റ് വച്ചുകൊണ്ട് എല്ലാ സർവ്വീസ് ബാങ്കുകളെക്കൊണ്ടും നെല്ല് സംഭരിക്കാൻ ഏൽപ്പിക്കുകയും ആ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എടുക്കുമെന്നുള്ള ഒരു ഉറപ്പ് പാലിക്കുകയും ചെയ്താൽ അത് കൃഷിക്കാരനു വളരെയധികം ഗുണം ചെയ്യും. ഇപ്പോൾ കൊയ്ത്ത് സമയമാണ്. ഇന്നുതന്നെ ഉത്തരവ് പുറപ്പെടുവിച്ചാൽ അത് കൃഷിക്കാർക്ക് വളരെയധികം ഉപകാരമാകും. പണ്ട് ശ്രീ. ചന്ദ്രശേഖരൻ നായർ സപ്ലൈസ് മിനിസ്റ്റർ ആയിരുന്നപ്പോൾ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അത് സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് സംഭരിപ്പിക്കണം. പഞ്ചാബിൽനിന്നും ആന്ധ്രയിൽനിന്നും നെല്ല് വാങ്ങിക്കുന്നതിനുവേണ്ടി രണ്ടുകോടി രൂപ കൊടുത്തിട്ടുണ്ട്. അത് കമ്മീഷൻ തട്ടാനാണ്. കൃഷിക്കാരന്റെ പക്കൽ നിന്നും നെല്ല് വാങ്ങിച്ചാൽ അങ്ങനെ കൃഷിക്കാരെ രക്ഷിക്കാനും സാധിക്കും. അത്തരത്തിൽ ഒരു ആലോചന അടിയന്തിരമായി നടത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുമോ?

ശ്രീ. പി. പി. തങ്കച്ചൻ: നെല്ല് സംഭരിക്കുന്നതിന് ഇപ്പോൾ തന്നെ പാലക്കാട്, ആലപ്പുഴ, കോട്ടയം മുതലായ ജില്ലകളിൽ ചില സംവിധാനങ്ങളുണ്ട്. അത് അത്ര ഫലപ്രദമായിട്ട് തോന്നുന്നില്ല. ശ്രീ. കൃഷ്ണൻകുട്ടി പറഞ്ഞ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. വി. വി. രാഘവൻ: 1990-ൽ ഇൻഡ്യാ ഗവൺമെന്റ് നാളികേരം എണ്ണക്കുരുവായി പ്രഖ്യാപിച്ചു. ആ ഉത്തരവിൽ എല്ലാ സീസണിലും താങ്ങുവില പ്രഖ്യാപിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നു. ആ ഉത്തരവ് അങ്ങയുടെ ഫയലിലുണ്ട്. അപ്പോൾ താങ്ങുവില പ്രഖ്യാപിക്കുക എന്നുള്ളതാണ് വൃക്ഷവിളയായതുകൊണ്ട് എണ്ണക്കുരുവാക്കിയപ്പോൾ അതിൽ വ്യക്തമാക്കിയിരുന്നത്. ആ ഉത്തരവ് ഇന്ന് നിലവിലുണ്ട്. അതുപ്രകാരം ഓരോ സീസണിലും താങ്ങുവില കിട്ടാൻ നമുക്ക് അവകാശമുണ്ട്. എണ്ണക്കുരുവായി പ്രഖ്യാപിച്ചപ്പോൾ ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞത് തെങ്ങുകൃഷിയുടെ വികസനത്തിന് പ്രത്യേകം പദ്ധതി സംസ്ഥാനം സമർപ്പിക്കണമെന്നാണ്. അന്ന് രണ്ട് പദ്ധതികൾ സമർപ്പിച്ചു. അതുകൊണ്ട് എണ്ണക്കുരുവായി പ്രഖ്യാപിച്ചതുകൊണ്ട് പ്രയോജനമില്ല എന്നുള്ളത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റ് മുഖ്യമായിട്ട് താങ്ങുവിലയ്ക്കുവേണ്ടി വാദിച്ചു. അത് അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ട് അങ്ങ് പറഞ്ഞ ഉത്തരത്തിൽ കഴിഞ്ഞ ഗവൺമെന്റ് എണ്ണക്കുരുവായി പ്രഖ്യാപിച്ചതിനെ കാര്യമായി എടുത്തില്ല എന്നു പറയുന്നതും പദ്ധതി കൊടുത്തില്ല എന്നു പറയുന്നതും ശരിയല്ല. എണ്ണക്കുരുവായി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചതുകൊണ്ടുള്ള ഏറ്റവും വലിയ ഗുണം താങ്ങുവില അതാതു സീസണിൽ പ്രഖ്യാപിക്കുക എന്നത് ഇൻഡ്യാ ഗവൺമെൻറ് ബാധ്യതയായി ഏറ്റെടുത്തു എന്നുള്ളതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: അദ്ദേഹം ഒരു കാസ്റ്റ്യൻ ചോദിച്ചതല്ല; ഒരു സ്റ്റേറ്റ്മെൻറുപോലെയാണ് അദ്ദേഹം പറഞ്ഞത്.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ

*4 [110] ശ്രീ. ഒ. ഭരതൻ:
,, ടി. ശിവദാസ മേനോൻ:
,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ ഇപ്പോഴത്തെ രൂക്ഷമായ പവർകട്ടിനും ലോഡ് ഷെഡിംഗിനും ഇടയാക്കിയതെന്ന വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) മുല്ലപ്പെരിയാർ ഡാമിൻെറ സംഭരണശേഷി സംബന്ധിച്ച് കനേഡിയൻ വിദഗ്ദ്ധർ എന്തെങ്കിലും മുന്നറിയിപ്പ് വൈദ്യുതി ബോർഡിനു നൽകിയിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഇതു സംബന്ധിച്ചുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രവാർത്ത അടിസ്ഥാനരഹിതമായതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(സി) നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലവിതാനം 136 അടിയിൽ നിന്നും ഉയർന്നാൽ ബലക്ഷയം ബാധിച്ച് മുല്ലപ്പെരിയാർ ഡാമിനു അപകടമുണ്ടാവാൻ സാദ്ധ്യതയുണ്ടെന്നും അങ്ങനെ സംഭവിച്ചാൽ അത് ഇടുക്കി ജലസംഭരണിക്കും ഡാമിനും ഭീഷണി ആയിരിക്കുമെന്നുമാണ് മുന്നറിയിപ്പ് നൽകിയിരുന്നത്.

(ഡി) മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം 136 അടിക്കുമേൽ ഉയരുന്നുണ്ടോ എന്ന കാര്യം സൂക്ഷ്മമായി നിരീക്ഷിച്ചു വരുന്നുണ്ട്. ജല സംഭരണിയുടെ ശക്തിപ്പെടുത്തൽ ജോലികൾ തമിഴ്നാട് ഗവൺമെൻറ് നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിൻെറ സംഭരണ ശേഷിയെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly